# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.5119 — 28/10/16-ൽ മറുപടിക്ക്

## ഹജ്ജ് തീർത്ഥാടകർക്കുള്ള സൗകര്യം സംസ്ഥാനത്തെ തെക്കൻ ജില്ലകളിലും ലഭ്യമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ | ശ്രീ.കെ.ടി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ തെക്കൻ ജില്ലകളിലുള്ള ഇസ്ലാം മതവിശ്വാസികൾക്ക് ഹജ്ജ് തീർത്ഥാടനത്തിന് ശരിയായ രീതിയിലുള്ള സൗകര്യം ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;<br>ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ)& (ബി)<br>കേരളത്തിൽ എല്ലായിടത്തും ഒരേപോലെയുള്ള സേവനങ്ങളാണ് സംസ്ഥാന ഹജ്ജ് കമ്മിറ്റി നൽകിവരുന്നത്. തെക്കൻ ജില്ലകളിൽ നിന്നുള്ളവർക്ക് എന്തെങ്കിലും പ്രത്യേക അസൗകര്യങ്ങൾ അനുഭവപ്പെട്ടതായി ഇതുവരെ യാതൊരു പരാതിയും ലഭിച്ചിട്ടില്ല. |
| സി) ഹജ്ജിന് പോകാനാഗ്രഹിക്കുന്നവർക്ക് നിയമപരമായും സാമ്പത്തികവുമായും ലഭ്യമാകുന്ന സർക്കാർ സഹായങ്ങളെക്കുറിച്ച് ഇസ്ലാം മതവിശ്വാസികളെ ബോധ്യപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ; | സി) അപേക്ഷയുടെ കൂടെ നിയമപരവും സാമ്പത്തികവുമായ വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന ലഘുലേഖ ഓരോ അപേക്ഷകനും നൽകുന്നുണ്ട്. കൂടാതെ കേരളത്തിലുടനീളം അപേക്ഷകരുടെ എണ്ണമനുസരിച്ച് ഹജ്ജ് ട്രെയിനർമാരെ നിയമിച്ചിട്ടുണ്ട്. ഹാജിമാർക്കാവശ്യമായ എല്ലാ നിർദ്ദേശങ്ങളും യഥാസമയം ട്രെയിനർമാർ മുഖേന അറിയിച്ചു കൊടുക്കുന്നുമുണ്ട്. ഇതിനുപുറമെ ഹജ്ജ് കമ്മിറ്റി നേരിട്ട് ജില്ലാ അടിസ്ഥാനത്തിൽ വിവിധ ഘട്ടങ്ങളിലായി മൂന്ന് ക്ലാസ്സുകൾ വീതം നടത്തുന്നുണ്ട്. |

ഡി) തെക്കൻ ജില്ലകളിലുള്ളവർക്ക് ഹജ്ജ് തീർത്ഥാടനത്തിന് കൂടുതൽ സൗകര്യമൊരുക്കാൻ ഹജ്ജ് തീർത്ഥാടന കാലത്ത് കോഴിക്കോട് ഹജ്ജ് ഹൗസിന്റെ ഒരു സബ് സെന്റർ താൽക്കാലികമായെങ്കിലും തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഡി) 2014 വരെ കേരളത്തിൽ ഹജ്ജ് എമ്പാർക്കേഷൻ പോയിന്റ് കോഴിക്കോടായിരുന്നു. ചില സാങ്കേതിക കാരണങ്ങളാൽ 2015, 2016 വർഷങ്ങളിൽ ഹജ്ജ് എമ്പാർക്കേഷൻ പോയിന്റ് എറണാകുളത്തേക്ക് മാറ്റിയിരുന്നു. അടുത്തവർഷം ഹജ്ജ് എമ്പാർക്കേഷൻ പോയിന്റ് കോഴിക്കോട്ടേക്ക് മാറ്റുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. ആയതിനാൽ നിലവിൽ മറ്റൊരു എമ്പാർക്കേഷൻ പോയിന്റും സബ് സെന്ററും പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ